സ്ത്രീ സമൂഹത്തിന്റെ മുന്നണിപ്പോരാളി
**മഹിളാവീഥി**
മാഗസിൻ

# പീപ്പിൾസ് റിവ്യൂ

സത്യാന്ന പ്രമദിതവ്യം
PEOPLE REVIEW
Estd : 2007

സത്യത്തിൻ സാക്ഷി ധർമത്തിൻ പാതയിൽ

പ്രവാസത്തിനു പുതിയ അർത്ഥതലങ്ങൾ
**പ്രവാസി റിവ്യൂ**
മാഗസിൻ

2023 മെയ് 20 ശനി | ptnizar@rediffmail.com 9037319971 | www.peoplesreview.co.in

PUBLISHED FROM KOZHIKODE | email: peoplesreviewdaily@gmail.com | Ph. 0495 2769086, 9037319971 | P.B. NO. 15 | വില: 2 രൂപ


# ഇനി 'സിദ്ധയുഗം'

## കർണാടകയുടെ 24ാമത് മുഖ്യമന്ത്രിയായി സിദ്ധരാമയ്യയും ഉപമുഖ്യമന്ത്രിയായി ഡി.കെ ശിവകുമാറും സത്യപ്രതിജ്ഞ ചെയ്തു

ബംഗളൂരു: കർണാടകയിൽ ഇനി സിദ്ധരാമയ്യ യുഗം. കർണാടകയുടെ 24ാമത് മുഖ്യമന്ത്രിയായി കോൺഗ്രസ് നേതാവ് സിദ്ധരാമയ്യ സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ബംഗളൂരു ശ്രീകണ്ഠീരവ സ്റ്റേഡിയത്തിലായിരുന്നു സത്യപ്രതിജ്ഞ ചടങ്ങുകൾ നടന്നത്. ഉപമുഖ്യമന്ത്രിയായി ഡി.കെ ശിവകുമാറും അധികാരമേറ്റു.

അജ്ജയ്യ ഗംഗാധര സ്വാമിയുടെ പേരിലാണ് ഡി.കെ ശിവകുമാർ സത്യപ്രതിജ്ഞ ചെയ്തത്.ജി.പരമേശ്വര, കെ.എച്ച് മുനിയപ്പ, മലയാളിയായ കെ.ജെ ജോർജ്, എം.ബി പാട്ടീൽ, സതീഷ് ജർക്കിഹോളി, പ്രിയങ്ക് ഖാർഗെ, രാമലിംഗ റെഡ്ഢി, സമീർ അഹമ്മദ് ഖാൻ എന്നിവരാണ് മന്ത്രിമാരായി ഇന്ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിലേറിയത്. പ്രതിപക്ഷ നേതാക്കളായ നിതീഷ് കുമാർ, മെഹബൂബ മുഫ്തി, എം.കെ സ്റ്റാലിൻ ,കമൽ നാഥ്, സീതാറാം യെച്ചൂരി, കമൽ ഹാസൻ, ഫാറൂഖ് അബ്ദുല്ല തുടങ്ങിയവരും ചടങ്ങിൽ പങ്കെടുത്തു. കേരള മുഖ്യമന്ത്രി പിണറായി വിജയനും ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനും സത്യപ്രതിജ്ഞാ ചടങ്ങിൽ ക്ഷണമുണ്ടായിരുന്നില്ല. ഏറെ അനിശ്ചിതത്വങ്ങൾക്കും നാടകീയമായ രംഗങ്ങൾക്കും ശേഷമാണ് ഇന്ന് കോൺഗ്രസ് മന്ത്രിസഭ അധികാരത്തിലേറുന്നത്. നേരത്തെ മുഖ്യമന്ത്രി പദത്തിനായി ഡി.കെ ശിവകുമാർ വാദിച്ചിരുന്നു. എന്നാൽ സിദ്ധരാമയ്യക്കുള്ള ജനപ്രീതിയും വിവിധ സമുദയങ്ങൾക്കിടയിൽ ലഭിക്കുന്ന സ്വീകാര്യതയും കണക്കിലെടുക്കണമെന്ന ഹൈക്കമാൻഡ് നിർദേശം ശിവകുമാർ അംഗീകരിക്കുകയായിരുന്നു.

കോൺഗ്രസ് ദേശീയ നേതൃത്വം മൂന്ന് ദിവത്തിലേറെയായി നടത്തിയ തുടർ ചർച്ചകൾക്കൊടുവിലാണ് ശിവകുമാറിനെ അനുനയിപ്പിച്ചത്. സിദ്ധരാമയ്യയും ശിവകുമാറുമായി പാർട്ടി അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, സോണിയ ഗാന്ധി, രാഹുൽ ഗാന്ധി, കെ.സി വേണുഗോപാൽ, രൺദീപ് സിങ് സുർജേവാല എന്നിവർ ചർച്ചകൾ നടത്തിയിരുന്നു.



കർണാടക ഉപമുഖ്യമന്ത്രിയ ഡി.കെ ശിവകുമാറിനും മുഖ്യമന്ത്രി സിദ്ധരാമയ്യക്കും ഒപ്പം കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി

## സന്ദീപാനന്ദഗിരിയുടെ ആശ്രമം കത്തിച്ച കേസ്: മൂന്നാം പ്രതിക്ക് ജാമ്യം അനുവദിച്ചു

തിരുവനന്തപുരം: സന്ദീപാനന്ദ ഗിരിയുടെ ആശ്രമം കത്തിച്ച കേസിലെ മൂന്നാം പ്രതിക്ക് ജാമ്യം അനുവദിച്ചു. പ്രതി ശബരിക്കാണ് ജില്ലാ കോടതി ജാമ്യം അനുവദിച്ചത്. തിരുവനന്തപുരം ജില്ലാ കോടതിയാണ് ജാമ്യം അനുവദിച്ചത്. കേസിൽ ബി.ജെ.പി കൗൺസിലർ ഗിരികുമാറിന് ജാമ്യം ലഭിച്ചിരുന്നു. കേസിലെ ആദ്യ അന്വേഷണത്തിൽ അട്ടിമറി നടന്നുവെന്ന് ക്രൈം ബ്രാഞ്ച് വ്യക്തമാക്കിയിരുന്നു. തെളിവുകൾ ശേഖരിക്കുന്നതിലും സൂക്ഷിക്കുന്നതിലും വീഴ്ച വരുത്തിയ പോലിസുദ്യോഗസ്ഥർക്കെതിരെ നടപടി ആവശ്യപ്പെട്ട് ക്രൈം ബ്രാഞ്ച് അന്വേഷണ സംഘം ഡി.ജി.പിക്ക് റിപ്പോർട്ട് നൽകിയിരുന്നു. ആദ്യ അന്വേഷണ സംഘം കണ്ണൂരിലേതടക്കമുള്ള സി.പി.എം നേതാക്കളുടെ ഫോൺ ചോർത്തിയെന്നും ഇതിന്റെ അനുമതി രേഖകൾ കാണാനില്ലെന്നും റിപ്പോർട്ടിലുണ്ട്. ആശ്രമം കത്തിച്ച കേസിലെ ഒന്നാം പ്രതിയായ പ്രകാശിന്റെ സഹോദരൻ പ്രശാന്തിന്റെ വെളിപ്പെടുത്തലാണ് കേസിൽ വഴിത്തിരിവായത്. സുഹൃത്തുക്കളോടൊപ്പം ചേർന്ന് ആശ്രമം കത്തിച്ചെന്ന് ആത്മഹത്യ ചെയ്യും മുൻപ് പ്രകാശ് സഹോദരനോട് പറഞ്ഞിരുന്നു. ഈ വിവരം പിന്തുർന്നാണ് അഞ്ചു വർഷം തെളിയപ്പെടാതെ കിടന്ന കേസിൽ ക്രൈം ബ്രാഞ്ച് പ്രതികളിലേക്ക് എത്തിയത്. ഒളിവിലായിരുന്ന ശബരിയെ പിടികൂടിയതിന് പിന്നാലെയാണ് ഗൂഢാലോചന നടത്തിയ വി.ജി.ഗിരി കുമാറിനെയും ക്രൈംബ്രാഞ്ച് സംഘം അറസ്റ്റ് ചെയ്തത്.

## 2000ത്തിന്റെ നോട്ട് നിരോധനം: ലക്ഷ്യം അടുത്ത സംസ്ഥാന തെരഞ്ഞെടുപ്പുകൾ: ടി.എം തോമസ് ഐസക്ക്

തിരുവനന്തപുരം: രാജ്യത്ത് ഇപ്പോൾ നടപ്പാക്കിയ 2000 നോട്ട് നിരോധിച്ചത് രാഷ്ട്രീയ ലക്ഷ്യം മുൻ നിർത്തിയാണെന്ന് മുൻ ധനമന്ത്രി തോമസ് ഐസക്ക്. വരാൻ പോകുന്ന സംസ്ഥാന തെരഞ്ഞെടുപ്പുകളാണ് ലക്ഷ്യം. കർണാടക തെരഞ്ഞെടുപ്പ് പരാജയം ബി.ജെ.പിയെ ഭയപ്പെടുത്തിയിട്ടുണ്ട്. കയ്യും കണക്കുമില്ലാതെ ബി.ജെ.പി പണം ചെലവഴിച്ചു. 650 കോടി രൂപയുടെ കള്ളപ്പണമാണ് അധികൃതർ പിടിച്ചെടുത്തത്. അത് മഞ്ഞുകൂനയുടെ ഒരു അരികുമാത്രമാണെന്നു വ്യക്തം. കള്ളപ്പണത്തിന്റെ കുത്തക ബി.ജെ.പിക്കു മാത്രമായിരിക്കണം. ഇതിനായുള്ള സർജിക്കൽ സ്ട്രൈക്കാണ് 2000 രൂപയുടെ നോട്ട് പിൻവലിക്കൽ.എന്നാൽ ഇത്തരം രാഷ്ട്രീയകളികളിലൂടെ ഇന്ത്യൻ രൂപയുടെ വിശ്വാസ്യതയാണ് മോദി തകർക്കുന്നത്.





2016-ൽ നിൽക്കകള്ളിയില്ലാതെ സൃഷ്ടിച്ച 2000 രൂപയുടെ നോട്ടുകൾ 2023-ൽ റദ്ദാക്കുന്നു. അന്ന് 86 ശതമാനം മൂല്യമുള്ള നോട്ടുകൾ റദ്ദാക്കിയെങ്കിൽ ഇന്ന് റിസർവ്വ് ബാങ്ക് കണക്കു പ്രകാരം 11 ശതമാനത്തിൽ താഴെയുള്ള നോട്ടുകളാണ് റദ്ദാക്കിയിരിക്കുന്നത്. പക്ഷേ, എന്തിന് ഇതു ചെയ്യണം? 2000-ത്തിന്റെ നോട്ടുകൾ ബാങ്കുകൾ ഇനി നൽകില്ലായെന്നു പറഞ്ഞാൽ ഒന്നോ രണ്ടോ വർഷങ്ങൾകൊണ്ട് 2000 രൂപയുടെ നോട്ടുകൾ ഇല്ലാതാകുന്ന പ്രശ്നമാണ് ഇനിയിപ്പോൾ ഒരു തവണ 2000 രൂപയുടെ തുക വച്ച് ക്യൂ നിന്നു മാറ്റി വാങ്ങേണ്ട ഗതികേടിലേക്ക് എത്തിച്ചിരിക്കുന്നത്. ഈ ക്ലീൻ നോട്ട് പോളിസി എന്ന് റിസർവ്വ് ബാങ്ക് പറയുന്നത് വെറും കള്ളത്തരമാണ്. രാജ്യത്തെ കള്ളപ്പണത്തിന്റെ രാഷ്ട്രീയ കുത്തക ബി.ജെ.പി ഏറ്റെടുത്തിരിക്കുകയാണ്. അടുത്ത റൗണ്ട് സംസ്ഥാന തെരഞ്ഞെടുപ്പുകൾക്കു രണ്ടുമാസം മുമ്പായിട്ടാണ് 2000 നോട്ടിന്റെ കഥ തീരുന്നത് എന്നത് ഈ അവസരത്തിൽ സ്മരണീയമാണ്. ഇതു ബി.ജെ.പിയുടെ 2000 നോട്ടുകളെ ബാധിക്കില്ലായെന്നു സംശയിക്കുന്ന ശുദ്ധാത്മക്കളുണ്ടാവാം. അവരോടു പറയട്ടെ ഭരണപ്പാർട്ടിക്ക് തങ്ങളുടെ നോട്ടുകൾ വെളുപ്പിക്കുന്നതിന് ഒരു പ്രയാസവുമുണ്ടാവില്ല എന്നതാണ് 2016-ന്റെ അനുഭവമെന്ന് അദ്ദേഹം പറഞ്ഞു.

## മെട്രോ സർവീസ് ഇനി മുതൽ ഞായറാഴ്ചകളിൽ 7.30ന് തുടങ്ങും; വിദ്യാർഥികൾക്ക് പ്രത്യേക ഓഫറുകൾ



കൊച്ചി: കൊച്ചി മെട്രോയുടെ സർവീസ് ഞായറാഴ്ച മുതൽ രാവിലെ 7.30 മുതൽ തുടങ്ങും. യാത്രക്കാരുടെ എണ്ണം കൂടിയതിനെ തുടർന്നാണ് തീരുമാനം. നേരത്തെ ഞായറാഴ്ചകളിൽ എട്ട് മണിക്കായിരുന്നു മെട്രോയുടെ സർവീസ് തുടങ്ങിയിരുന്നത്. ഒരു ദിവസം ശരാശരി 80,000 യാത്രക്കർ ആയിരുന്നത് ഈ മാസം 90,000 ആയി. ഒൻപത് ദിവസം കൊണ്ട് യാത്രക്കാരുടെ എണ്ണം ഒരു ലക്ഷം കവിഞ്ഞതായി അധികൃതർ പറഞ്ഞു.കഴിഞ്ഞ ആഴ്ചയിലെ ഓൺലൈൻ സർവേയിലെ അഭിപ്രായങ്ങൾ പരിഗണിച്ചാണ് പുതിയ സമയക്രമം നിശ്ചയിച്ചത്. സ്കൂൾ തുറക്കുന്നതുമായി ബന്ധപ്പെട്ട് വിദ്യാർഥികൾക്കായി പ്രത്യേക ഓഫറുകളും കൊച്ചി മെട്രോ ഒരുക്കിയിട്ടുണ്ട്. 900 രൂപയ്ക്ക് ഒരു മാസം പരിധിയില്ലാതെ യാത്ര ചെയ്യാൻ വിദ്യ 30 കാർഡും. പദ്ധതിയിൽ അംഗമാകുന്നവർക്ക് മൈ ബൈക്കിന്റെ ഒരു മാസ പാക്കേജ് 450 രൂപയ്ക്കു ലഭിക്കും. മറ്റുള്ളവർക്ക് ഇത് 699 രൂപയാണ്. കലൂർ സ്റ്റേഡിയം സ്റ്റേഷനിൽ 23ന് നടക്കുന്ന ക്യാംപെയ്നിൽ രജിസ്റ്റർ ചെയ്യുന്ന വിദ്യാർഥികൾക്കാണ് ഓഫർ.

## അരിക്കൊമ്പൻ അരിയും ചക്കക്കൊമ്പൻ ചക്കയും ചാമ്പുമ്പോൾ പിണറായി വിജയൻ കേരളത്തെ തന്നെ ചാമ്പുന്നു: കെ.സുധാകരൻ

തിരുവനന്തപുരം: അരിക്കൊമ്പൻ അരിയും ചക്കക്കൊമ്പൻ ചക്കയും ചാമ്പുമ്പോൾ പിണറായി വിജയൻ കേരളത്തെ തന്നെ ചാമ്പുകയാണെന്ന് കെ.പി.സി.സി പ്രസിഡന്റ് കെ.സുധാകരൻ പറഞ്ഞു. പിണറായി സർക്കാർ, കമ്മീഷൻ സർക്കാരാണെന്നും അദ്ദേഹം വിമർശിച്ചു. യു.ഡി.എഫിന്റെ സെക്രട്ടേറിയറ്റ് വളയൽ സമരത്തെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാനത്തെ പോലിസ് നിഷ്ക്രിയമാണ്. ഡോ. വന്ദന കൊലക്കേസും



താനൂർ ബോട്ടപകടവും ഇതിന് തെളിവാണ്. ഇതുപോലെ പോലിസ് നിഷ്ക്രിയമായ കാലം വേറെയില്ല. ബോട്ട് അപകടത്തിന് ഉത്തരവാദി സർക്കാർ തന്നെയാണെന്നും കെ.സുധാകരൻ ആരോപിച്ചു. അരി ചാമ്പാൻ അരിക്കൊമ്പൻ, ചക്ക ചാമ്പാൻ ചക്കക്കൊമ്പൻ, കേരളത്തെ തന്നെ ചാമ്പാൻ ഇരട്ടച്ചങ്കൻ എന്നൊരു ട്രോൾ കണ്ടു. തമാശയിലാണ് ട്രോൾ വന്നതെങ്കിൽ അത് യാഥാർഥ്യമല്ലേ എന്നായിരുന്നു സമരവേദിയിലെ സുധാകരന്റെ ചോദ്യം. എല്ലായിപ്പോഴും ഐക്യ ജനാധിപത്യ മുന്നണി സമാധാനത്തിന്റെ പാത സ്വീകരിക്കുമെന്ന് കരുതരുത്. പ്രകോപിതരായ ജനങ്ങൾക്കൊപ്പം അത്തരമൊരു സമരമുഖത്തിന് നേതൃത്വം നൽകാനും ഐക്യ ജനാധിപത്യ മുന്നണിക്ക് സാധിക്കുമെന്നും കെ.സുധാകരൻ കൂട്ടിച്ചേർത്തു.

## ഇമ്രാൻഖാന് ജൂൺ രണ്ടു വരെ മുൻകൂർ ജാമ്യം

ലാഹോർ: പാകിസ്താന്റെ മുൻ പ്രധാനമന്ത്രി ഇമ്രാൻഖാന് ജൂൺ രണ്ടുവരെ മുൻകൂർ ജാമ്യം അനുവദിച്ച് ലാഹോർ ഭീകരവിരുദ്ധ കോടതി. ജിന്ന ഹൗസ് ആക്രമിച്ചതുൾപ്പെടെ ഭീകരപ്രവർത്തനവുമായി ബന്ധപ്പെട്ട മൂന്ന് കേസുകളിലാണ് അറസ്റ്റ് ചെയ്യുന്നതിൽ നിന്നാണ് കോടതി ഇമ്രാന് മുൻകൂർ ജാമ്യം നൽകിയത്. അൽഖാദിർ ട്രസ്റ്റ് കേസിൽ



മെയ് ഒൻപതിന് ഇമ്രാനെ അറസ്റ്റ് ചെയ്തതിന് തുടർന്ന് രാജ്യവ്യാപകമായുണ്ടായ കലാപത്തെ തുടർന്ന് രജിസ്റ്റർ ചെയ്ത കേസുകളാണിത്. പോലിസ് അന്വേഷണവുമായി താൻ സഹകരിക്കുമെന്നും വൻ സുരക്ഷാ സന്നാഹത്തോടെ കോടതിയിലെത്തിയ ഇമ്രാൻ ഖാൻ കോടതിയിൽ പറഞ്ഞു. നാഷണൽ അക്കൗണ്ടബിലിറ്റി ബ്യൂറോയുടെ നിർദേശപ്രകാരം അർധസൈന്യമായ റെയ്ഞ്ചേഴ്സാണ് ഇമ്രാൻ ഖാനെ ഇസ്ലാമാബാദ് ഹൈക്കോടതി പരിസരത്ത് നിന്ന് മെയ് ഒൻപതിന് അറസ്റ്റ് ചെയ്തത്.

## യു.ഡി.എഫിന്റെ സെക്രട്ടേറിയറ്റ് വളയൽ: പ്രസംഗത്തിനിടെ എം.കെ മുനീർ കുഴഞ്ഞുവീണു

തിരുവനന്തപുരം: യു.ഡി.എഫിന്റെ സെക്രട്ടേറിയറ്റ് വളയൽ പ്രതിഷേധത്തിനിടെ വേദിയിൽ മുസ്ലിം ലീഗ് നേതാവ് എം.കെ മുനീർ എം.എൽ.എ കുഴഞ്ഞുവീണു. വേദിയിൽ പ്രസംഗിക്കുന്നതിനിടെയാണ് കുഴഞ്ഞുവീണത്. ഉടൻതന്നെ വേദിയിലുണ്ടായിരുന്ന നേതാക്കൾ അദ്ദേഹത്തെ താങ്ങിയെടുത്ത് കസേരയിൽ ഇരുത്തി. സി.പി ജോൺ പ്രസംഗിച്ചതിന് പിന്നാലെയാണ് മുനീർ പ്രസംഗിക്കാൻ എഴുന്നേറ്റത്. മൈക്കിനു മുന്നിൽ ഏതാനും വാക്കുകൾ പറഞ്ഞതിനു പിന്നാലെ അദ്ദേഹം കുഴഞ്ഞുവീഴുകയായിരുന്നു. അൽപനേരത്തെ വിശ്രമത്തിന് ശേഷം പ്രസംഗം പൂർത്തിയാക്കിയാണ് മുനീർ മടങ്ങിയത്. മുനീറിന്റെ ആരോഗ്യനിലയിൽ ആശങ്കയില്ലെന്നാണ് റിപ്പോർട്ട്.



പ്രസംഗത്തിനിടെ എം.കെ മുനീർ എം.എൽ.എക്ക് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടപ്പോൾ

## വന്യമൃഗങ്ങളിൽ നിന്ന് ജനങ്ങളെ രക്ഷിക്കണം

അത്യന്തം ദാരുണമായ വാർത്തയാണ് ഇന്നലെ ശ്രവിക്കാനിടയായത്. കാട്ടുപോത്ത് രണ്ടിടങ്ങളിലായി നടത്തിയ ആക്രമത്തിൽ മൂന്ന് മനുഷ്യജീവനുകളാണ് പൊലിഞ്ഞത്. കോട്ടയത്ത് കർഷകരായ കണമലയിൽ മക്കൂട്ടുതറ പ്ലാവാനംകുഴിയിൽ തോമസ് ആന്റണി, പുറത്തേൽ ചാക്കോ, വിദേശത്ത് നിന്ന് മടങ്ങിയെത്തിയ പ്രവാസി കൊല്ലം അഞ്ചൽ മാക്കുളം കൊടിഞ്ഞൽ കുന്നുവിള വീട്ടിൽ ഗീവർഗീസ് എന്നിവരാണ് മരിച്ചത്. ശബരിമല വനമേഖലയോട് ചേർന്ന കണമലയിലാണ് കാട്ടുപോത്തിന്റെ ആക്രമണമുണ്ടായത്. കാട്ടുപോത്തുകൾ പെതുവെ ആക്രമണകാരികളല്ലെന്നാണ് ഈ രംഗത്തെ വിദഗ്ധർ അഭിപ്രായപ്പെടുന്നത്. എന്നാൽ കൂട്ടംതെറ്റിവരുന്ന ആൺ കാട്ടുപോത്തുകളോ, കുട്ടികളുമായി സഞ്ചരിക്കുന്ന കാട്ടുപോത്തിന്റെ കൂട്ടങ്ങളോ ആക്രമണകാരികളാകുമെന്നും ഇവർ അഭിപ്രായപ്പെടുന്നുണ്ട്. കാട്ടുപോകത്തിന്റെ ആക്രമണമുണ്ടായ മൂന്ന് പ്രദേശങ്ങളിലും പ്രത്യേക സ്ക്വാഡിനെ നിയോഗിക്കുമെന്ന മന്ത്രി ഉറപ്പ് നൽകിയിട്ടുണ്ട്. കാട്ടിൽവച്ചല്ല ഇവർക്ക് ജീവഹാനിയുണ്ടായതെന്ന് നാം പ്രത്യേകം ശ്രദ്ധിക്കണം. നാട്ടിലറങ്ങിവന്ന് വീട്ടിലിരിക്കുന്നയാളെയാണ് കാട്ടുപോത്ത് കുത്തിക്കൊന്നത്. വനമേഖലയോട് അടുത്ത് താമസിക്കുന്നവർക്ക് വന്യമൃഗശല്യം എപ്പോഴും ഉണ്ടാകാൻ സാധ്യതയുള്ളവരാണ്. വന്യമൃഗ ആക്രമണങ്ങളെ ചെറുക്കാനുള്ള പരിശീലനവും ബോധവൽക്കരണവും ഈ മേഖലയിലുള്ളവർക്ക് നൽകേണ്ടതുണ്ട്. കാട്ടാന ആക്രമണം വർധിക്കുകയാണ്. കഴിഞ്ഞ ഏതാനും ദിവസങ്ങളായി പലയിട്ടത്തും കാട്ടാനശല്യം ഉണ്ടായിട്ടുണ്ട്. ജീവഹാനിയും സംഭവിക്കുന്നുണ്ട്. ജനവാസമേഖലിയിലേക്ക് കാട്ടാന, കാട്ടുപോത്ത്, കടുവ എന്നിവയും മറ്റ് വന്യമൃഗങ്ങളും കടന്നുകയറി മനുഷ്യജീവനും കൃഷിക്കും നാശമുണ്ടാക്കുന്നതിന് പരിഹാരം കാണേണ്ടതുണ്ട്. സർക്കാർ സംവിധാനങ്ങളുടെ ഇടപെടൽ കാര്യക്ഷമമാകുന്നതോടൊപ്പം പൊതുജനങ്ങളും ഇക്കര്യത്തിൽ ജാഗ്രത പുലർത്തണം. മരിച്ചവരുടെ കുടുംബങ്ങൾക്ക് സർക്കാർ ധനസഹായം പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. വിലപ്പെട്ട മനുഷ്യജീവനുകൾ നഷ്ടപ്പെടാതിരിക്കുവാൻ സമൂഹം ജാഗ്രത പുലർത്തണം.





1.'ഒരിക്കലും അകത്താകാതിരിക്കാൻ ഒരിക്കലൊന്ന് അകത്ത് കയറി നോക്കൂ' എന്ന സന്ദേശത്തിൽ എന്റെ കേരളം പ്രദർശന വിപണന മേളയുടെ ഭാഗമായി കേരള പോലിസ് സ്റ്റാളിൽ ഒരുക്കിയ ലോക്കപ്പിന്റെ മാതൃകയ്ക്കുള്ളിൽ കയറിയവർ 2. പോലിസ് സേനയിൽ ഉപയോഗിക്കുന്ന ആയുധങ്ങളുടെ പ്രദർശനം നോക്കിക്കാണുന്നവർ

# അടിമുടിയറിയാം പോലിസ് സേനയെ: കൗതുകമുണർത്തി പോലിസ് സ്റ്റാൾ

കൊല്ലം: എന്റെ കേരളം പ്രദർശന വിപണന മേളയിൽ വേറിട്ട അനുഭവമായി കേരളാ പോലിസിന്റെ സ്റ്റാൾ. വകുപ്പിന്റെ സർവസേവനങ്ങളും സേനയുടെ വിവിധ വിഭാഗങ്ങളിലെ അടിസ്ഥാന വിവരങ്ങളും മേളയിലെത്തുന്ന സന്ദർശകർക്ക് മനസിലാക്കി കൊടുക്കാനുള്ള സൗകര്യം സ്റ്റാളിൽ സജ്ജമാക്കിയിട്ടുണ്ട്. സേനയുടെ ആയുധചരിത്രം വിശദീകരിക്കുന്നവിധം വർഷങ്ങൾക്ക് മുൻപ് സേനയിൽ ഉപയോഗിച്ച പീരങ്കിയാണ് സ്റ്റാളിന്റെ കവാടത്തിൽ തന്നെ പ്രദർശിപ്പിച്ചിരിക്കുന്നത്. ഒപ്പമുള്ള എൽ.ഇ.ഡി സ്ക്രീനിൽ ഉത്രവധക്കേസ് ഉൾപ്പടെ പോലിസ് ശാസ്ത്രീയമായി അന്വേഷിച്ച് തെളിയിച്ച കേസുകളുടെ വിവരങ്ങളും കാണാം. 'ഒരിക്കലും അകത്താകാതിരിക്കാൻ ഒരിക്കലൊന്ന് അകത്ത് കയറി നോക്കൂ' എന്ന സന്ദേശത്തിൽ സ്റ്റാളിൽ ഒരുക്കിയ ലോക്കപ്പിന്റെ മാതൃകയാണ് മറ്റൊരു പ്രത്യേകത.

ഇവിടെ സന്ദർശകർക്ക് ഫോട്ടോയുമെടുക്കാം. പോലിസ് സേനയിൽ ഉപയോഗിക്കുന്ന ആയുധങ്ങൾ പരിചയപ്പെടാനും അവസരമുണ്ട്. എകെ 47, ഇൻസാഫ് ഉൾപ്പെടെയുള്ള തോക്കുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. സൈബർ സുരക്ഷയെക്കുറിച്ചുള്ള ബോധവൽക്കരണവും, ഫോറൻസിക്ക് ആൻഡ് ഫിങ്കർ പ്രിന്റ് വിഭാഗവും മേളയിലെത്തുന്നവർക്ക് കുറ്റാന്വേഷണത്തിന്റെ ശാസ്ത്രീയ തലങ്ങൾ വിശദീകരിച്ചു നൽകുന്നു.

സേനയിലെ വിവിധ ഉദ്യോഗസ്ഥർ ധരിക്കുന്ന യൂണിഫോമും റാങ്ക് സൂചിപ്പിക്കുന്ന ചിഹ്നങ്ങളും സന്ദർശകർക്ക് വ്യക്തമാക്കി കൊടുക്കുന്നതും സ്റ്റാളിലെ മറ്റൊരാകർഷണമാണ്. ബോംബ് ഡിറ്റക്ഷൻ ടീമും ഡോഗ് സ്ക്വാഡ് അംഗങ്ങളും സ്റ്റാളിന്റെ ഭാഗമാണ്. പോലീസ് പല കാലങ്ങളിലായി ഉപയോഗിച്ചു വരുന്ന വയർലെസ് യൂണിറ്റുകളും പ്രദർശിപ്പിച്ചിട്ടുണ്ട്. പഴയകാല വയർലെസ് മുതൽ നിലവിൽ ഉപയോഗിക്കുന്ന ഏറ്റവും പുതിയ ഉപകരണങ്ങൾ വരെ ഉൾപ്പെടുത്തിയിട്ടുണ്ട്. വനിതകൾക്കായുള്ള പ്രാഥമിക സ്വയംസുരക്ഷാ മാർഗങ്ങളുടെ ബോധവൽക്കരണവും സന്ദർശകരുടെ ശ്രദ്ധപിടിച്ചുപറ്റുന്നുണ്ട്. കൊല്ലം സിറ്റി പോലിസിലെയും കൊല്ലം റൂറൽ പോലിസിലെയും ഉദ്യോഗസ്ഥരുടെ നേതൃത്വത്തിലാണ് സ്റ്റാളിന്റെ പ്രവർത്തനം.

### ആവേശമായി കേരള കലാ അക്കാദമിയുടെ മലബാർ മെഹ്ഫിൽ

# മാപ്പിളപ്പാട്ടുകൾ ഒരു നാടിന്റെ സാംസ്കാരിക മുന്നേറ്റത്തിന്റെ അടയാളപ്പെടുത്തലുകൾ: മന്ത്രി അഹമ്മദ് ദേവർ കോവിൽ

കോഴിക്കോട്: മാപ്പിളപ്പാട്ടുകൾ ഒരു നാടിന്റെ സാമൂഹികവും സാംസ്കാരികവുമായ മുന്നേറ്റത്തിന്റെ അടയാളപ്പെടുത്തലുകളാണെന്ന് മന്ത്രി അഹമ്മദ് ദേവർ കോവിൽ. കേരള മാപ്പിള കല അക്കാദമിയുടെ 24ാം വാർഷികം മലബാർ മെഹ്ഫിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. മാപ്പിളപ്പാട്ടുകൾ പോലും സത്വം നഷ്ടപ്പെടുന്ന വിധം മലീമസമായി കൊണ്ടിരിക്കുന്ന ഇക്കാലത്ത് മാപ്പിള കലകളുടെ പ്രചാരണത്തിന് ഇത്തരം കൂട്ടായ്മ അനിവാര്യമെന്ന് മന്ത്രി കൂട്ടിച്ചേർത്തു. ടൗൺ ഹാളിൽ നടന്ന ചടങ്ങിൽ പ്രസിഡന്റ് സുബൈർ കൊളക്കാടൻ അധ്യക്ഷത വഹിച്ചു. പി.കെ മൊയ്തീൻ കോയ, സി.പി മുജീബ് റഹ്മാൻ എന്നിവരെ ആദരിച്ചു. കേന്ദ്ര കമ്മിറ്റി പ്രസിഡന്റ് തലശ്ശേരി കെ. റഫീക്ക് മുഖ്യ പ്രഭാഷണം നടത്തി. റഫി പി. ദേവസ്യ, ഡോ.കെ മൊയ്തു, സി.ഇ ചാക്കുണ്ണി, ടി.പി അഹമ്മദ് കോയ, സുലൈമാൻ കാരാടൻ, എ.പി അബ്ദുല്ലക്കുട്ടി, ജലീൽ ഇടത്തിൽ, ഹാഷിം കടാക്കലകം, സാജിത് തോപ്പിൽ എന്നിവർ സംസാരിച്ചു.

ജനറൽ സെക്രട്ടറി കോയട്ടി മാളിയേക്കൽ സ്വാഗതവും ബോബിഷ് കുന്നത്ത് നന്ദിയും പറഞ്ഞു. തുടർന്ന് യുവ ഗായകൻ അൻസാർ ഇസ്മയിൽ, മഞ്ജു പിള്ള, സജ്ന നിഷാദ്, ദിൽറൂബ നിഷാദ്, ഡോ. അമ്പിളി ശ്രീനിവാസ് എന്നിവർ മാപ്പിളപ്പാട്ടുമായി വേദിയിലെത്തി.



കേരള മാപ്പിള കലാ അക്കാദമിയുടെ സംഘാടകർ മലബാർ മെഹ്ഫിലിന്റെ വേദിയിൽ വച്ച് മന്ത്രി അഹമ്മദ് ദേവർകോവിലിന് ഉപഹാരം സമ്മനിച്ചപ്പോൾ



പവർ കൈറ്റിൽ പരിശീലനത്തിന്റെ ഉദ്ഘാടന ചടങ്ങിൽ നിന്ന്

# കായിക രംഗത്ത് പട്ടം പറത്തലിന് സാധ്യതയേറെ: കമാൽ വരദൂർ

കോഴിക്കോട്: ഉയരത്തിലേക്ക് പറക്കാനാഗ്രഹിക്കുന്നവർക്ക് ആദ്യ പരിശീലനമാണ് പട്ടം പറത്തൽ എന്നും കായികരംഗത്ത് പട്ടം പറത്തലിന് സാധ്യത ഏറെയാണെന്നും മാധ്യമപ്രവർത്തകൻ കമാൽ വരദൂർ അഭിപ്രായപ്പെട്ടു.

നാഷണൽ കൈറ്റ് അക്കാദമി ഡൽഹിയുമായി സഹകരിച്ച് കൊണ്ട് വൺ ഇന്ത്യ കൈറ്റ് ടീം 19 , 20 തിയതികളിൽ കോഴിക്കോട് കോന്നാട് ബീച്ചിൽ വെച്ച് നടത്തുന്ന പവർ കൈറ്റിൽ പരിശീലനത്തിന്റെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. വൺ ഇന്ത്യ കൈറ്റ് ടീം ക്യാപ്റ്റൻ അബ്ദുള്ള മാളിയേക്കൽ അധ്യക്ഷത വഹിച്ചു.ജില്ല സ്പോർട്സ് കൗൺസിൽ അംഗം കെ.വി അബ്ദുൽ മജീദ് മുഖ്യാഥിതിയായിരുന്നു. ഡോ. അബ്ദുൽ നാസർ യു.കെ ഹാഷിം കടാകലകം, അഡ്വ. ഷമീം പക്സാൻ എന്നിവർ സംസാരിച്ചു. 123 പേർ പരിശീലനത്തിൽ പങ്കടുത്തു. പവർ കൈറ്റിന്റെ ചലനരീതി, കാറ്റിന്റെ ദിശ, കൈയ്യടക്കവും നിയന്ത്രണവും തുടങ്ങി അടിസ്ഥാന പാഠങ്ങളിൽ പരിശീലനം കൊടുത്തു. അലി വെസ്റ്റ്ഹിൽ, ഫായിസ് ചാലിയം, ബൈജു മേരിക്കുന്ന്, അലി റോഷൻ, റജ , റിസാനത്ത് എന്നിവർ നേതൃത്വം നൽകി.

## എൻ.പി.പി.ക്ക് പിന്തുണ പ്രഖ്യാപിച്ച് ഹിന്ദു പാർലമെന്റ് ജനസഭ

കൊച്ചി:ഹിന്ദു പാർലമെന്റ് ജനസഭ, നാഷണൽ പ്രോഗ്രസീവ് പാർട്ടി കൊടി (എൻ.പി.പി.)ക്ക് പിന്തുണ നൽകുന്നതായി ജനറൽ സെക്രട്ടറി സി.പി.സുഗതൻ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. കേരളത്തിലെ ഹിന്ദു വിഭാഗങ്ങൾക്കെന്ന പോലെ ക്രിസ്ത്യൻ വിഭാഗങ്ങൾക്കും അർഹമായ സാമൂഹിക-രാഷ്ട്രീയ ഇടങ്ങൾ ലഭിക്കുന്നില്ല.

കേരള കോൺഗ്രസുകൾ തകർന്നിരിക്കുന്ന സാഹചര്യത്തിൽ ക്രിസ്തീയ സമൂഹം അവരുടെ നഷ്ടമായിക്കൊണ്ടിരിക്കുന്ന രാഷ്ട്രീയ-സാമൂഹിക ഇടങ്ങൾ തിരിച്ചുപിടിക്കാനുള്ള ശ്രമത്തിലാണ്. എൽ.ഡി.എഫ് - യു.ഡി.എഫ് മുന്നണികളാകട്ടെ മുസ്ലിം വോട്ട് ബാങ്കിലാണ് ശ്രദ്ധിക്കുന്നത്. ഈ സാഹചര്യത്തിൽ ഹൈന്ദവ - ക്രിസ്ത്യൻ സഹകരണത്തിന്റെ ഭാഗമായി ഹിന്ദു പാർലമെന്റ് ജനസഭ എൻ.പി.പിക്ക് പിന്തുണ പ്രഖ്യാപിക്കുകയാണന്ന് സി.പി.സുഗതൻ അറിയിച്ചു.

ഇനിയുള്ള ദിവസങ്ങളിൽ നാഷണൽ പ്രോഗ്രസീവ് പാർട്ടി (എൻ.പി.പി)യുടെ വളർച്ചക്ക് വേണ്ടി ശക്തി പകരുവാൻ ഹിന്ദു പാർലമെന്റ് ജനസഭ പ്രവർത്തിക്കുമെന്ന് നേതാക്കൾ അറിയിച്ചു. വാർത്താസമ്മേളനത്തിൽ റിലേഷ് ബാബു, സുമേഷ് ശാന്തി മഠം എന്നിവരും പങ്കെടുത്തു.

## അപേക്ഷ ക്ഷണിച്ചു

കൊല്ലം: കെൽട്രോണിന്റെ പ്രൊഫഷണൽ ഡിപ്ലോമ ഇൻ ലോജിസ്റ്റിക്സ് ആൻഡ് സപ്ലൈ ചെയിൻ മാനേജ്മെന്റ്, കമ്പ്യൂട്ടർ ഹാർഡ്‌വെയർ ആൻഡ് നെറ്റ്‌വർക്ക് മെയിന്റനൻസ് വിത്ത് ഇ-ഗാഡ്ജറ്റ് ടെക്നോളജീസ്, ഡിപ്ലോമ ഇൻ കമ്പ്യൂട്ടർ ആപ്ലിക്കേഷൻ, വേഡ് പ്രോസസിങ് ആൻഡ് ഡാറ്റാ എൻട്രി കോഴ്സുകളിലേക്ക് അപേക്ഷിക്കാം. വിവരങ്ങൾക്ക്: ഹെഡ് ഓഫ് സെന്റർ, കെൽട്രോൺ നോളജ് സെന്റർ, ടൗൺ അതിർത്തി, കൊല്ലം. ഫോൺ: 0474 2731061.

# ഇ – സമൃദ്ധ; പരിശീലകർക്കുള്ള പരിശീലനം സമാപിച്ചു

തിരുവനന്തപുരം: മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള മുഴുവൻ ആശുപത്രി ശൃംഖലാ സേവനങ്ങളും ചികിൽസാ ഡാറ്റയും ഒരു കുടക്കീഴിലാക്കുന്ന ഇ-സമൃദ്ധ സോഫ്റ്റ്‌വെയർ പദ്ധതിയുടെ പരിശീലനം സമാപിച്ചു. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതി പ്രാവർത്തികമാക്കുന്നതോടെ സംസ്ഥാനത്തെ എല്ലാ കർഷകരുടെയും മൃഗങ്ങളുടെയും ഡാറ്റകൾ ഉൾപ്പെടെയുള്ള വിവരങ്ങൾ കർഷരകർക്കും ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുന്നതിനും വിവരങ്ങൾ വിശകലനം ചെയ്യാനും സാധിക്കും.എല്ലാ ജില്ലകളിൽ നിന്നും മൂന്ന് വീതം പരിശീലകർക്കാണ് പരിശീലനം നൽകിയത്. പരിശീലനത്തിൽ പങ്കെടുക്കാനും ആർ.എഫ്. ഐ.ഡി മൈക്രോചിപ്പ് ഘടിപ്പിച്ചതിന് ശേഷം ഡാറ്റകൾ ശേഖരിക്കുന്ന ഇ-സമൃദ്ധ സോഫ്റ്റ്‌വെയർ പ്രവർത്തനത്തെക്കുറിച്ച് പഠിക്കാനുമായി കേന്ദ്ര മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി സർബേശ്വർ മാഞ്ചിയും എത്തിയിരുന്നു. മൃഗസംരക്ഷണ വകുപ്പ് അഡീഷണൽ ഡയരക്ടർ കെ.സിന്ധു, ജോയിന്റ് ഡയരക്ടർമാരായ ഡോ. ബേബി കെ. കെ, ഡോ. സിന്ധു ,ഡെപ്യൂട്ടി ഡയരക്ടർ ഡോ. ആർ. വേണുഗോപാൽ, അസിസ്റ്റന്റ് ഡയരക്ടർമാരായ ഡോ. അജിത് എം. ജി , ഡോ. റോണി റേയ് ജോൺ തുടങ്ങിയവരും പരിശീലനത്തിൽ പങ്കെടുത്തു.



ഇ-സമൃദ്ധ സോഫ്റ്റ്‌വെയർ പദ്ധതിയുടെ പരിശീലനത്തിൽ നിന്ന്

## ശാരീരിക അളവെടുപ്പും കായികക്ഷമത പരീക്ഷയും

കൊല്ലം: എക്സൈസ് വകുപ്പിൽ വനിതാ സിവിൽ എക്സൈസ് ഓഫീസർ ഗ്രേഡ് രണ്ട് എൻ.സി.എ-മുസ്ലിം (കാറ്റഗറി നമ്പർ 465/19) തസ്തികയുടെ കായികക്ഷമത പരീക്ഷയും ശാരീരിക അളവെടുപ്പും മെയ് 26ന് രാവിലെ അഞ്ചിന് എറണാകുളം ജില്ലയിൽ ചോറ്റാനിക്കര സർക്കാർ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടിൽ നടത്തും. ഉദ്യോഗാർഥികൾ ഫോട്ടോ വ്യക്തമായി കാണാൻ കഴിയുന്ന പ്രവേശന ടിക്കറ്റ്, തിരിച്ചറിയൽ രേഖ അസിസ്റ്റന്റ് സർജൻ/ ജൂനിയർ കൺസൽട്ടന്റ് റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള പ്രൊഫൈലിൽ അപ്ലോഡ് ചെയ്ത അസൽ മെഡിക്കൽ സർട്ടിഫിക്കറ്റുമായി ഹാജരാകണം. കായികക്ഷമതാ പരീക്ഷയിൽ വിജയിക്കുന്നവർക്ക് വൺ ടൈം വെരിഫിക്കേഷൻ അന്നേദിവസം ഉണ്ടായിരിക്കും. അപ്ലോഡ് ചെയ്ത യോഗ്യത തെളിയിക്കുന്ന രേഖകൾ അസൽ ഹാജരാക്കണം. ഒന്നിലധികം ലിസ്റ്റുകളിൽ ഉൾപ്പെട്ടവർക്ക് കായികക്ഷമതാ പരീക്ഷയിൽ ഒരവസരം മാത്രമാണ് അനുവദിച്ചിട്ടുള്ളത്.

## പശു വളർത്തൽ സൗജന്യ പരിശീലനം

പാലക്കാട്: മലമ്പുഴ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽവച്ച് പശു വളർത്തൽ എന്ന വിഷയത്തിൽ സൗജന്യ പരിശീലനം നടത്തുന്നു. മെയ് 25 വ്യാഴാഴ്ച പത്ത് മണി മുതൽ നാല് മണി വരെയാണ് പരിശീലനം. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ 9188522713, 0491-2815454 എന്ന ഫോൺ നമ്പറുകളിൽ വിളിച്ച് മുൻകൂട്ടി ബുക്ക് ചെയ്യേണ്ടതാണ്. പരിശീലനാർഥികൾ ആധാർ കാർഡിന്റെ കോപ്പി കൊണ്ടു വരേണ്ടതാണ്.

# രാജസ്ഥാന് വിജയാശ്വാസം

## പഞ്ചാബിനെ നാല് വിക്കറ്റിന് തോൽപ്പിച്ചു, പ്ലേ ഓഫിലെത്താൻ നാളത്തെ മത്സരങ്ങളിൽ മുംബൈയും ആർ.സി.ബിയും പരാജയപ്പെടണം

ധരംശാല: നിർണായകമായ മത്സരത്തിൽ പഞ്ചാബിനെ നാല് വിക്കറ്റിന് പരാജയപ്പെടുത്തിയെങ്കിലും പ്ലേ ഓഫിലെത്താൻ രാജസ്ഥാന് മറ്റ് ടീമുകളുടെ മത്സര ഫലങ്ങളെ കാത്തുനിൽക്കേണ്ടി വരും. നിലവിൽ ഏഴ് വിതം ജയവും പരാജയവുമായി 14 പോയിന്റുമായി പോയിന്റ് ടേബിളിൽ അഞ്ചാമതാണ് റോയൽസ്. നാലാമതുള്ള ആർ.സി.ബി.യെ നെറ്റ് റൺറേറ്റിൽ മറികടക്കണമെങ്കിൽ പഞ്ചാബ് ഉയർത്തിയ 188 റൺസ് വിജയലക്ഷ്യം 18.5 ഓവറിലെങ്കിലും മറികടക്കണമായിരുന്നു. എന്നാൽ 19.4 ഓവറിലാണ് രാജസ്ഥാന് വിജയ റൺ കണ്ടെത്താനായത്. ടോസ് നേടിയ രാജസ്ഥാൻ ബൗളിങ് തെരഞ്ഞെടുക്കുകയായിരുന്നു. പഞ്ചാബിന്റെ ടോപ് ഓർഡർ ബാറ്റിങ് നിര തകർന്നടിയുന്ന കാഴ്ചയാണ് കണ്ടത്. ഒരുഘട്ടത്തിൽ നാല് വിക്കറ്റ് നഷ്ടത്തിൽ 50 റൺസ് എന്ന നിലയിലായിരുന്നു റോയൽസ്. അവിടെനിന്ന് അവരെ കര കയറ്റിയത് സാം കറണിന്റേയും ജിതേഷ് ശർമയുടേയും അഞ്ചാംവിക്കറ്റ് കൂട്ടുകെട്ടാണ്. ഇരുവരും ചേർന്ന് 64 റൺസാണ് കൂട്ടിച്ചേർത്തത്. 44 റൺസെടുത്ത് ജിതേഷ് ശർമ പുറത്തായെങ്കിലും അവസാന ഓവറുകളിൽ ഷാരൂഖ് ഖാൻ (41*) ആടിത്തിമിർത്തപ്പോൾ പഞ്ചാബ് സ്കോർ 20 ഓവറിൽ അഞ്ച് വിക്കറ്റിന് 187 റൺസ് എന്ന നിലയിലായി. സാം കറൺ പുറത്താകാതെ 31 പന്തിൽ 49 റൺസ് നേടി. രാജസ്ഥാന് വേണ്ടി നവ്ദീപ് സൈനി മൂന്ന് വിക്കറ്റ് നേടി. മറുപടി ബാറ്റിങ്ങിൽ ജോസ് ബട്‌ലറും സഞ്ജു സാംസണും വീണ്ടും


പഞ്ചാബിനെതിരേ ദേവ്ദത്ത് പടിക്കലിന്റെ ബാറ്റിങ്

നിരാശപ്പെടുത്തി. ബട്‌ലർ വീണ്ടും ഡക്കായി മടങ്ങി. റബാദക്കാണ് വിക്കറ്റ്. രാഹൽ ചഹാറിന്റെ പന്ത് അതിർത്തി കടത്താനുള്ള ശ്രമത്തിൽ രണ്ടു റൺസുമായി സഞ്ജുവും മടങ്ങി. ജയ്സ്വാൾ പതിവ് ശൈലിയിൽ തന്നെയാണ് ബാറ്റ് വീശിയത്. രണ്ടാം വിക്കറ്റിൽ പടിക്കലിനെ കൂട്ടു പിടിച്ച് ജയ്സ്വാൾ 84 റൺസ് കൂട്ടിച്ചേർത്തു. 51 റൺസുമായി പടിക്കലും 50 റൺസുമായി ജയ്സ്വാളും മടങ്ങിയെങ്കിലും ഷിംറോൺ ഹെറ്റ്മെയർ അടിച്ചു തകർത്തു. 28 പന്തിൽ 46 റൺസ് നേടിയ ഹെറ്റ്മെയറും 12 പന്തിൽ 20 റൺസ് നേടിയ പരാഗും രാജസ്ഥാനെ വിജയ വഴിയിൽ എത്തിച്ചു. വിജയത്തിനരികെ ഇരുവരും പുറത്തായെങ്കിലും അവസാന ഓവറിലെ നാലാം പന്തിൽ ധ്രുവ് ജുറേൽ വിജയറൺ നേടി രാജസ്ഥാന് വിലപ്പെട്ട രണ്ട് പോയിന്റുകൾ സമ്മാനിച്ചു. പഞ്ചാബിന് വേണ്ടി റബാദ രണ്ട് വിക്കറ്റ് വീഴ്ത്തി. ദേവ്ദത്ത് പടിക്കാലാണ് പ്ലെയർ ഓഫ് ദ മാച്ച്. ഇനി രാജസ്ഥാന് പ്ലേ ഓഫിലേക്കെത്തണമെങ്കിൽ അവസാന മത്സരത്തിൽ ഗുജറാത്തിനോട് ആർ.സിബി വൻമാർജിനിൽ തോൽക്കണം. ഇന്ന് നടക്കുന്ന മത്സരങ്ങളിൽ ലഖ്നൗ കൊൽക്കത്തയെയും ചെന്നൈ ഡൽഹിയെയും തോൽപ്പിച്ചാൽ ഇരു ടീമുകളും 17 പോയിന്റുമായി പ്ലേ ഓഫിലെത്തും. പിന്നീട് പ്ലേ ഓഫിലെ അവസാന സ്ഥാനക്കാരെ നിർണയിക്കുക നാളത്തെ പോരാട്ടങ്ങളായിരിക്കും. ആദ്യ മത്സരത്തിൽ മുംബൈ ഹൈദരാബാദിനെ തോൽപ്പിച്ചാലും അവർക്ക് പ്ലേ ഓഫ് ഉറപ്പിക്കാനാവില്ല. കാരണം നാളെ നടക്കുന്ന രണ്ടാമത്തെ മത്സരത്തിൽ ആർ.സി.ബി ഗുജറാത്തിനെ തോൽപ്പിച്ചാൽ നെറ്റ് റൺറേറ്റിൽ പിന്നിലുള്ള മുംബൈ പ്ലേ ഓഫ് കാണാതെ പുറത്താവും. ഒപ്പം രാജസ്ഥാൻ റോയൽസും കൂടെ പുറത്താവും.നാളെ മുംബൈയും ആർസിബിയും തോറ്റാൽ മാത്രമെ രാജസ്ഥാന് പ്രതീക്ഷക്ക് വകയുള്ളൂ. നെറ്റ് റൺ റേറ്റിൽ നിലവിൽ മുംബൈയെക്കാൾ ബഹുദൂരം മുന്നിലാണ് ആർ.സി.ബി. ഹൈദരാബാദിനെ മുംബൈ തോൽപ്പിച്ചാൽ ആർ.സി.ബിക്ക് ഗുജറാത്തിനെ തോൽപ്പിക്കാതെ പ്ലേ ഓഫിലെത്താനാവില്ല. എന്നാൽ ഹൈദരാബാദിനോട് മുംബൈ തോൽക്കുകയും ആർ.സി.ബി അവസാന മത്സരത്തിൽ അഞ്ച് റൺസിൽ കുറഞ്ഞ മാർജിന് ഗുജറാത്തിനോട് തോൽക്കുകയും ചെയ്താലും ആർ.സി.ബിക്ക് പ്ലേ ഓഫിലെത്താം. ആദ്യ മത്സരത്തിൽ മുംബൈ തോൽക്കുകയും രണ്ടാം മത്സരത്തിൽ ആർ.സി.ബിയെ ഗുജറാത്ത് അഞ്ച് റൺസിൽ കൂടുതൽ വിജയ മാർജിനിൽ തോൽപ്പിക്കുകയും ചെയ്താൽ രാജസ്ഥാൻ പ്ലേ ഓഫിലെത്തും.

## തൂപ്പുകാരിയെ ഇതുവരെ നിയമിച്ചില്ല; രക്ഷിതാക്കൾ പ്രക്ഷോഭത്തിലേക്ക്

കൊടിയത്തൂർ: കഴുത്തൂട്ടിപുറായ ഗവ. എൽ.പി സ്കൂളിൽ ഒരു വർഷത്തോളമായി ഒഴിഞ്ഞുകിടക്കുന്ന തൂപ്പുകാരി (പി.ടി.സി.എം) തസ്തികയിലേക്ക് നിയമനം നടക്കാത്തതിൽ പ്രതിഷേധിച്ച് ശക്തമായ പ്രക്ഷോഭത്തിനൊരുങ്ങി രക്ഷിതാക്കൾ. പ്രീ- പ്രൈമറി വിഭാഗത്തിലുൾപ്പെടെ നൂറിലധികം വിദ്യാർഥികൾ പഠിക്കുന്ന വിദ്യാലയത്തിലെ ശുചീകരണ പ്രവൃത്തികൾക്കും കൊച്ചു കുട്ടികളുടെ ആരോഗ്യപരിപാലനത്തിനും ചുമതലക്കാരില്ലാതെയാണ് കഴിഞ്ഞ അക്കാദമിക വർഷം കടന്നുപോയത്. ഇക്കഴിഞ്ഞ മാർച്ച് മാസം ജില്ലയിലെ വിവിധ സ്കൂളുകളിൽ പി.ടി.സി.എം നിയമനം നടന്നെങ്കിലും ഈ വിദ്യാലയത്തെ തഴയുകയായിരുന്നു. ഒഴിവുദിനങ്ങളിൽ അധ്യാപകരും രക്ഷിതാക്കളും ചേർന്നാണ് അനിവാര്യമായ ശുചീകരണ പ്രവൃത്തികൾ ചെയ്തിരുന്നത്. വേനലവധിക്കാലത്ത് ഗ്രാമപഞ്ചായത്ത് അനുവദിച്ച ക്ലാസ് മുറികളുടെ നിർമാണം നടക്കുന്നതിനാൽ സ്കൂൾ പരിസരം പൊടിപടലങ്ങൾ നിറഞ്ഞിരിക്കുകയാണ്. സ്കൂൾ തുറക്കാൻ ദിവസങ്ങൾ ബാക്കിയിരിക്കെ ശുചീകരണത്തിന് സ്ഥിരം സംവിധാനമില്ലാതെ ഏറെ പ്രയാസപ്പെടുകയാണ് ഈ വിദ്യാലയത്തിലെ അധ്യാപകരും രക്ഷിതാക്കളും. പ്രശ്നപരിഹാരത്തിനായി നിരവധി തവണ അധികൃതർക്ക് നിവേദനങ്ങൾ നൽകിയിരുന്നെങ്കിലും യാതൊരു ഫലവും ഇതുവരെ ഉണ്ടായിട്ടില്ല.

ഈ ഘട്ടത്തിലാണ് പി.ടി.എ -എസ്.എം.സി മാതൃസമിതി സംയുക്ത യോഗം ചേർന്ന് ശക്തമായ പ്രക്ഷോഭ പരിപാടികൾക്ക് രൂപം നൽകിയിരിക്കുന്നത്. ശുചീകരണ ജീവനക്കാരിയുടെ നിയമനം ഉടൻ നടക്കാത്തപക്ഷം പ്രവേശനോത്സവ ദിനത്തിൽ എ.ഇ.ഒ ഓഫിസ് മാർച്ച് ഉൾപ്പെടെയുള്ള വിവിധ പ്രക്ഷോഭ പരിപാടികൾ സംഘടിപ്പിക്കാനാണ് യോഗം തീരുമാനിച്ചിരിക്കുന്നത്. കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ എം.ടി റിയാസ് യോഗം ഉദ്ഘാടനം ചെയ്തു. പി.ടി.എ പ്രസിഡന്റ് എ.കെ റാഫി അധ്യക്ഷത വഹിച്ചു.

എസ്.എം.സി ചെയർമാൻ വി.വി നൗഷാദ്, പി.ടി.എ വൈസ് പ്രസിഡന്റ് ശിഹാബ് തൊട്ടിമ്മൽ, പി.കെ ശിഹാബ്, എ.കെ ഫിർദൗസ്, കെ. ഷമിന, എ.കെ ഹാരിസ് അഹമ്മദ്, റബീല , സിറാജുന്നീസ, ടി. റസിയ, സബിത അമീൻ, സി. ശമീർ, കെ.എം സാബിറ എന്നിവർ സംസാരിച്ചു. ഹെഡ്മാസ്റ്റർ ടി.കെ ജുമാൻ സ്വാഗതവും സീനിയർ അസി. സി അബ്ദുൽ കരീം നന്ദിയും പറഞ്ഞു.

## പോലിസ് കാവലിൽ ജീവിതത്തിന്റെ നിറങ്ങളെ ക്യാൻവാസിലാക്കി ഹരീഷ്

കൊല്ലം: ഈ ലോകത്തോടുള്ള ഹരീഷിന്റെ വാക്കും കേൾവിയും മനസും വരകളാണ്. ജന്മനാ മൂകനും ബധിരനുമായ മാനസിക വെല്ലുവിളി നേരിടുന്ന ഇരുപതുകാരനായ ഹരീഷ് വരയ്ക്കുന്ന ചിത്രങ്ങളാണ് എന്റെ കേരളം പ്രദർശന മേളയിലെ പോലിസ് വകുപ്പിന്റെ സ്റ്റാളിൽ സന്ദർശകരുടെ പ്രധാന ആകർഷണം. സ്റ്റാൾ സന്ദർശിക്കുന്നവരുടെ ചിത്രങ്ങൾ നൊടിയിടയിൽ ഹരീഷ് ക്യാൻവാസിലേക്ക് പകർത്തും. മന്ത്രിമാരായ കെ.എൻ ബാലഗോപാലിന്റെയും, ജെ.ചിഞ്ചുറാണിയുടെയും ചിത്രങ്ങൾ ഉൾപ്പെടെ പ്രശസ്തരായ നിരവധി വ്യക്തികളുടെ ചിത്രങ്ങളാണ് ഹരീഷ്


ഹരീഷിന്റെ ചിത്രരചനയിൽനിന്ന്

ക്യാൻവാസിൽ പകർത്തിയിട്ടുള്ളത്. പുനലൂർ തൂക്കുപാലവും ജഡായു പാറയും ക്ലോക്ക് ടവറും ഉൾപ്പെടെ ഹരീഷിന്റെ വരയിൽ തെളിയുന്ന കൊല്ലത്തിന്റെ ഭംഗിക്ക് കാഴ്ച്ചക്കാർ ഏറെയാണ്. അമ്മയോടും പരിശീലകനായ നിസാമിനോടും ഒപ്പമാണ് കടയ്ക്കൽ സ്വദേശിയായ ഹരീഷ് പ്രദർശന മേളയിൽ എത്തിയത്.

ഒരിക്കൽ യാദൃശ്ചികമായി ഹരീഷ് വരയ്ക്കുന്നത് കണ്ട പോലിസ് ഉദ്യോഗസ്ഥർ തങ്ങളുടെ സ്റ്റാളിലേക്ക് ഹരീഷിനെ ക്ഷണിക്കുകയായിരുന്നു. ഇപ്പോൾ കാക്കിയുടെ വേദി നിറയെ, ജീവിതത്തിന്റെ നിറങ്ങളെ വരച്ചിടുകയാണ് ഈ യുവാവ്. 'യുവതയുടെ കേരളം' സന്ദേശം ഉയർത്തുന്ന എന്റെ കേരളം പ്രദർശനത്തിൽ അതിജീവനത്തിന്റെ കാഴ്ച്ചയാവുകയാണ് ഈ യുവാവും ചിത്രങ്ങളും.



ആശ്രാമം മൈതാനിയിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ബയേർസ്- സെല്ലേർസ് മീറ്റിൽ നിന്ന്

## കർഷകർക്ക് മുതൽക്കൂട്ടായി ബയേർസ്- സെല്ലേർസ് മീറ്റ്

കൊല്ലം: കർഷകർ ഉൽപാദിപ്പിക്കുന്ന വിളകൾക്ക് മികച്ച വിപണി കണ്ടെത്താൻ സഹായകമായി ആശ്രാമം മൈതാനിയിൽ കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ബയേർസ്- സെല്ലേർസ് മീറ്റ്. ചെറുകിട കർഷകർ ഉൽപാദിപ്പിക്കുന്ന വിളകളും മൂല്യവർധിത ഉൽപ്പന്നങ്ങളും കൃത്യമായി ആവശ്യക്കാരിലേക്ക് എത്തിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. കമ്പോളത്തിലെ മത്സരങ്ങളിൽ ചെറുകിട കർഷകർക്ക് പലപ്പോഴും അന്താരാഷ്ട്ര ബ്രാന്റുകളോടാണ് മത്സരിക്കേണ്ടിവരുന്നത്. ഈ സാഹചര്യത്തിൽ മികച്ച ഉൽപ്പന്നങ്ങൾക്ക് മികച്ച വിപണി സാധ്യതകൾ തുറന്നു കൊടുക്കാൻ അവരെ വൻകിട വ്യവസായ ശൃംഖലകളുമായി ബന്ധിപ്പിക്കുന്നു.

കർഷകർ ഉൽപാദിപ്പിക്കുന്ന തനത് വിളകളും മൂല്യവർധിത ഉൽപ്പന്നങ്ങളും നേരിട്ട് കണ്ട് സംരംഭകരുമായി ചർച്ച ചെയ്ത് ഒരു കച്ചവട സാധ്യത സൃഷ്ടിക്കാൻ മീറ്റിലൂടെ സാധിച്ചു. കർഷകർ ഉൽപാദിപ്പിച്ച ചെടികൾ, മറ്റു വിളകൾ, തേൻ, നെയ്യ്, പഴ ചാറുകളാൽ നിർമിച്ച സ്ക്വാഷുകൾ എന്നിവ പ്രദർശിപ്പിച്ചപ്പോൾ നിരവധി സംരംഭകരാണ് ഉൽപ്പന്നങ്ങളെ കുറിച്ച് കൂടുതൽ അറിയാനും വാങ്ങാനുമായി എത്തിയത്. എന്റെ കേരളം പ്രദർശന വിപണന മേളയിൽ ഇന്ന് ഉച്ചയ്ക്ക് 2.30 മുതൽ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ ബയേർസ്- സെല്ലേർസ് മീറ്റ് നടക്കും.

## പ്രബന്ധങ്ങൾ ക്ഷണിക്കുന്നു

തിരുവനന്തപുരം: കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 2023 ജൂൺ 2,3,4 തീയതികളിൽ തൃശൂരിൽ സംഘടിപ്പിക്കുന്ന സംസ്ഥാന കലോത്സവം 'അരങ്ങ്-ഒരുമയുടെ പലമ'യുടെ ഭാഗമായി 'സർഗാത്മ വികസനവും സ്ത്രീ ശാക്തീകരണവും' എന്ന വിഷയത്തിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കാൻ അവസരം. 'അരങ്ങി'നോടനുബന്ധിച്ച് മെയ് 30ന് കലാമണ്ഡലത്തിൽ സംഘടിപ്പിക്കുന്ന ഏകദിന സെമിനാറിലാണ് പ്രബന്ധം അവതരിപ്പിക്കേണ്ടത്. താൽപര്യമുള്ളവർ സംഗ്രഹങ്ങൾ nsehithatsr@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയക്കണം. ഇംഗ്ലീഷിലും മലയാളത്തിലും പ്രബന്ധങ്ങൾ അയക്കാവുന്നതാണ്. 300 വാക്കുകളിൽ കവിയരുത്. മികച്ച പ്രബന്ധത്തിന് അവാർഡ് നൽകുന്നതാണ്. പ്രബന്ധ സംഗ്രഹം കുടുംബശ്രീ പ്രസിദ്ധീകരിക്കും. അവസാന തീയതി 2023 മെയ് 27.

## തൈകൾ വിൽപനക്ക്

കോഴിക്കോട്: കേരള കാർഷിക സർവകലാശാലക്ക് കീഴിൽ കോഴിക്കോട് വേങ്ങേരിയിൽ പ്രവർത്തിക്കുന്ന വിജ്ഞാന വിപണന കേന്ദ്രത്തിൽ ഗുണമേന്മയുള്ള നല്ലയിനം ഫലവൃക്ഷ തൈകളും പച്ചക്കറി തൈകളും വിൽപ്പനക്ക് തയ്യാറായിട്ടുണ്ടെന്ന് അഗ്രികൾച്ചർ ഇൻഫർമേഷൻ ആന്റ് സെയ്ൽസ് സെന്റർ അസിസ്റ്റന്റ് പ്രൊഫസർ അറിയിച്ചു. ബന്ധപ്പെടേണ്ട ഫോൺ നമ്പർ: 0495 2935850, 9188223584.

## ഡോ. സി.കെ അനിൽകുമാറിന് ജന്മനാടിന്റെ ആദരം 21ന്

കോഴിക്കോട്: പ്രശസ്ത സൈക്കോളജിസ്റ്റും സാമൂഹിക പ്രവർത്തകനും ഗ്രന്ഥകാരനുമായ ഡോ. സി.കെ അനിൽകുമാറിന് ജന്മനാടായ ചെട്ടിക്കുളം സേതു സീതാറാം എൽ.പി സ്കൂളിൽ 21ന് ഞായർ വൈകീട്ട് നാല് മണിക്ക് സംഘടിപ്പിക്കുന്ന ചടങ്ങിൽ വച്ച് ആദരവ് നൽകുമെന്ന് സംഘാടക സമിതി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. മന്ത്രി എ.കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്യും. തോട്ടത്തിൽ രവീന്ദ്രൻ എം.എൽ.എ അധ്യക്ഷത വഹിക്കും. മലബാറിലെ ആദ്യത്തെ ആത്മഹത്യ പ്രതിരോധ സംഘടനയായ നവജീവന്റെ ചീഫ് കോ-ഓർഡിനേറ്റർ (2000), യുവാക്കൾക്കായി 2000 മുതൽ നടത്തിയ



600ഓളം ഹിപ്നോരമ എന്ന അന്ധവിശ്വാസ ദൂരീകരണ സ്റ്റേജ് ഷോ, വിദ്യാഭ്യാസ വകുപ്പിന്റെ അംഗീകാരത്തോടെ 2003 മുതൽ നടത്തിയ മാനസികാരോഗ്യവും വ്യക്തിത്വ വികസനവും ലക്ഷ്യമാക്കി ഹിപ്നോപീഡിയ (എസ്.എസ്.എൽ.സി), മൈന്റ് റിലാക്സ് (പ്ലസ് ടു), ഇൻസൈറ്റ് (അധ്യാപകർ), മൂന്ന് പ്രൊജക്ടുകൾ, 2013ൽ ജയിൽ അന്തേവാസികളുടെ മാനസിക പരിവർത്തനത്തിനായി നടത്തിയ സൈക്കോളജിക്കൽ കൗൺസലിങ് ആന്റ് ഹിപ്നോ തെറാപ്പി, 13ൽപ്പരം മനശാസ്ത്ര ഗ്രന്ഥങ്ങൾ ഉൾപ്പെടെ 30 വർഷമായി നടത്തിയ സേവനം പരിഗണിച്ചാണ് ഡോ.സി.കെ അനിൽ കുമാറിനെ ആദരിക്കുന്നതെന്ന് അവർ കൂട്ടിച്ചേർത്തു. വാർത്താസമ്മേളനത്തിൽ ഡോ.ബിന്ദു അരവിന്ദ് (ജന.കൺവീനർ), ഡോ. ഷീല (ജോയിന്റ് കൺവീനർ), തിരുവച്ചിറ മോഹൻദാസ് (മുൻ പി.ആർ.ഒ, നവജീവൻ), സോമസുന്ദരൻ, ഡോ. കെ.കെ കുഞ്ഞഹമ്മദ് പങ്കെടുത്തു.



എരഞ്ഞോളിയിൽ വലിച്ചെറിയൽ മുക്ത ഗ്രാമപഞ്ചായത്ത് പ്രഖ്യാപന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുന്ന കണ്ണൂർ ജില്ലാ കലക്ടർ എസ്.ചന്ദ്രശേഖർ ഐ.എ.എസ്

## വലിച്ചെറിയൽ മുക്ത ഗ്രാമപഞ്ചായത്ത് പ്രഖ്യാപനം നടത്തി

എരഞ്ഞോളി: എരഞ്ഞോളിയിൽ വലിച്ചെറിയൽ മുക്ത ഗ്രാമപഞ്ചായത്ത് പ്രഖ്യാപനം നടത്തി. ചോനാടം എരഞ്ഞോളി വെസ്റ്റ് യു.പി സ്കൂളിൽ ജില്ലാ കലക്ടർ എസ്. ചന്ദ്രശേഖർ ഐ.എ.എസ് പരിപാടി ഉദ്ഘാടനം ചെയ്തു. എരഞ്ഞോളി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.പി ശ്രീഷ അധ്യക്ഷത വഹിച്ചു. വി.ഇ.ഒ.ശ്രീജേഷ് റിപ്പോർട്ട് അവതരിപ്പിച്ചു. വൈസ് പ്രസിഡന്റ് പി.വിജു, പി.ശ്രീജ, കെ.ഡി. മഞ്ജുഷ, ഡോ. ആർ.എൽ.സംഗീത, സി.കെ. ജസ്ന, സുശീൽ ചന്ദ്രോത്ത്, എ.കെ.രമ്യ, ലത കാണി, എൻ.കെ.സാഗർ എന്നിവർ സംസാരിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.പി.ശ്രീഷ പ്രതിജ്ഞ വാചകം ചൊല്ലിക്കൊടുത്തു.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, കേരള സർക്കാർ




ഒരുമയുടെയും സമതുലിത വികസനത്തിന്റെയും പുരോഗമന മൂല്യങ്ങളുടെയും വിളനിലമാണ് കേരളം. ഉന്നതമായ സഹജീവി സ്നേഹവും നീതിബോധവും ഈ നാടിനെ നയിക്കുന്നു. സംതൃപ്തിയും സൗഹൃദവും സമത്വബോധവുമാണ് കേരളത്തിന്റെ കൊടിയടയാളം. മാനവികതയുടെയും സാമൂഹിക നീതിയുടെയും അടിത്തറയിൽ പടുത്തുയർത്തിയ യഥാർത്ഥ കേരള സ്റ്റോറിയുമായി രണ്ടാം പിണറായി സർക്കാർ, മൂന്നാം വർഷത്തിലേക്ക്.

യഥാർത്ഥ കേരള സ്റ്റോറിയ്ക്കായി സ്കാൻ ചെയ്യുക

| നീതി ആയോഗിന്റെ സുസ്ഥിരവികസന സൂചികയിൽ ഒന്നാമത് | പബ്ലിക് അഫയേഴ്സ് സൂചികയിൽ ഒന്നാമത് | കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ ശ്രേഷ്ഠതാ സൂചികയിൽ ഒന്നാമത് | നീതി ആയോഗിന്റെ സൂചിക പ്രകാരം ദാരിദ്ര്യം ഏറ്റവും കുറവുള്ള സംസ്ഥാനം | ഇന്ത്യാ ടുഡേയുടെ 2021 ഹാപ്പിനെസ് ഇൻഡക്സ് സർവ്വേയിൽ ഒന്നാമത് | നീതി ആയോഗിന്റെ ആരോഗ്യ സൂചികയിൽ തുടർച്ചയായി നാല് വർഷവും ഒന്നാമത് | നീതി ആയോഗിന്റെ സംസ്ഥാന ഊർജ്ജ-കാലാവസ്ഥ സൂചികയിൽ രണ്ടാമത്

## നൂതനത്വം

- രാജ്യത്തെ ആദ്യ സൂപ്പർ ഫാബ് ലാബ്
- രാജ്യത്തെ ആദ്യ ഡിജിറ്റൽ സർവ്വകലാശാല
- രാജ്യത്തെ ആദ്യ ഗ്രാഫീൻ സെന്റർ
- രാജ്യത്തെ ആദ്യ ഡിജിറ്റൽ സയൻസ് പാർക്ക്
- രാജ്യത്തെ ആദ്യ വാട്ടർ മെട്രോ
- ഡിജിറ്റൽ വർക്ക് ഫോഴ്സ് മാനേജ്മെന്റ് സിസ്റ്റത്തിന് ഡിജിറ്റൽ പ്ലാറ്റിനം ഐക്കൺ അവാർഡ്

## അടിസ്ഥാനസൗകര്യം

- ദേശീയപാതാ വികസനത്തിനുള്ള സ്ഥലമെടുപ്പിന് തുക (5,580 കോടി രൂപ) അനുവദിച്ച ഇന്ത്യയിലെ ഏക സംസ്ഥാനം
- സമ്പൂർണ ഭവനവൈദ്യുതീകരണം നടത്തിയ രാജ്യത്തെ ഒരേയൊരു സംസ്ഥാനം
- സർക്കാർ സ്കൂളുകളുടെ ആധുനികവൽക്കരണത്തിന് 3,000 കോടി രൂപ
- ഇന്റർനെറ്റ് സൗകര്യം ജനങ്ങളുടെ അവകാശമായി പ്രഖ്യാപിച്ച ആദ്യ സംസ്ഥാനം
- സൗജന്യമായും മിതമായ നിരക്കിലും ബ്രോഡ്ബാന്റ് കണക്ഷൻ നൽകുന്ന കെ-ഫോൺ പദ്ധതി
- 1050 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് 60,352 കോടി രൂപ

## ആരോഗ്യപരിചരണം

- രാജ്യത്തെ മികച്ച കോവിഡ് വാക്സിനേഷൻ പ്രവർത്തനങ്ങൾക്ക് ഇന്ത്യാ ടുഡേയുടെ ഹെൽത്ത്ഗിരി അവാർഡ്
- 2022 ൽ ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകിയതിനുള്ള കേന്ദ്രസർക്കാരിന്റെ ആരോഗ്യ മന്ഥൻ അവാർഡ്
- മാതൃ-ശിശു മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം
- പൊതുജനാരോഗ്യ സംവിധാനം ശക്തിപ്പെടുത്തുന്നതിന് കഴിഞ്ഞ 5 വർഷം ചെലവിട്ടത് 55,330 കോടി രൂപ

## വിനോദസഞ്ചാരവും ആഗോള അംഗീകാരവും

- ന്യൂയോർക്ക് ടൈംസിന്റെ 2023ലെ പട്ടികയിൽ നിർബന്ധമായും കണ്ടിരിക്കേണ്ട 52 സ്ഥലങ്ങളിൽ ഒന്ന്

## സാമൂഹ്യക്ഷേമം

- മികച്ച വാർദ്ധക്യ പരിചരണത്തിന് 2021 ലെ വയോശ്രേഷ്ഠതാ സമ്മാൻ
- 62 ലക്ഷം ഗുണഭോക്താക്കൾക്ക് പ്രതിമാസം 1600 രൂപ വീതം ക്ഷേമപെൻഷൻ
- ഭൂരഹിതരായ 2.99 ലക്ഷം പേർക്ക് പട്ടയം
- ഭവനരഹിതരായ 3.39 ലക്ഷം കുടുംബങ്ങൾക്ക് ലൈഫ് മിഷൻ വഴി വീട്
- 6.8 ലക്ഷം പേർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ചികിത്സാധനസഹായം
- 95 ലക്ഷം റേഷൻകാർഡുടമകളുള്ള രാജ്യത്തെ ഏറ്റവും മികച്ച പൊതുവിതരണ സംവിധാനം
- 3.5 ലക്ഷം മുൻഗണന റേഷൻ കാർഡുകൾ

## തൊഴിലും വ്യവസായവും

- ഉയർന്ന ദിവസ വേതനമുള്ള സംസ്ഥാനമായി റിസർവ് ബാങ്കിന്റെ അംഗീകാരം
- മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലുള്ളവർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയ ആദ്യ സംസ്ഥാനം
- ഒരു വർഷത്തിൽ 1.3 ലക്ഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ സംരംഭങ്ങൾ തുടങ്ങി-8400 കോടിയുടെ നിക്ഷേപം-സൃഷ്ടിച്ചത് 3 ലക്ഷം തൊഴിലവസരങ്ങൾ
- ലോകത്തിലെ മികച്ച പൊതു ബിസിനസ് ഇൻകുബേറ്ററായി കേരള സ്റ്റാർട്ട് അപ് മിഷനെ യു.ബി.ഐ. ഗ്ലോബൽ തിരഞ്ഞെടുത്തു
- ഗ്ലോബൽ സ്റ്റാർട്ട് അപ് ഇക്കോസിസ്റ്റം റിപ്പോർട്ട് പ്രകാരം അഫോർഡബിൾ ടാലെന്റിൽ ഏഷ്യയിൽ ഒന്നാമത്
- പബ്ളിക് സർവ്വീസ് കമ്മീഷൻ മുഖേന 2,06,910 ഉദ്യോഗാർത്ഥികൾക്ക് സർക്കാർ സർവ്വീസിൽ നിയമനം

## ഭരണനിർവ്വഹണവും സേവനമികവും

- അഴിമതിരഹിത സേവനമികവിന് ഇന്ത്യ സ്മാർട്ട് പോലീസിങ് സർവ്വേ 2021 ൽ കേരള പോലീസിന് അംഗീകാരം
- സെന്റർ ഫോർ മീഡിയ സ്റ്റഡീസിന്റെ സർവ്വേ പ്രകാരം ഇന്ത്യയിലെ അഴിമതി ഏറ്റവും കുറഞ്ഞ സംസ്ഥാനങ്ങളിൽ ഒന്ന്

RNI No. 35157/10, Printer and Publisher Edited by: P.T. Nizar, Cheif Editor, Peoples Review, Lynwood (H) Pottangadi Raghavan Road Opp. HP Petrol Pump West Nadakkavu Calicut - 673011, Email: peoplesreviewdaily@gmail.com, Printed at Redstar Printers, Joseph Road, Kozhikode.